# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1916      01.02.2018-ൽ മറുപടിയ്ക്ക്

**<u>വിദേശത്തുനിന്ന് തിരിച്ചെത്താൻ കഴിയാതെ ബുദ്ധിമുട്ടുന്ന വയനാട് സ്വദേശികൾ</u>**

| **<u>ചോദ്യം</u>**<br>ശ്രീ.സി.കെ.ശശീന്ദ്രൻ | **<u>മറുപടി</u>**<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം, വിദേശത്ത് ജോലിക്കു പോയിട്ട് തിരിച്ചെത്താൻ കഴിയാതെ ബുദ്ധിമുട്ട് അനുഭവിക്കുന്ന വയനാട് സ്വദേശികളുടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | (എ) ഈ വിഷയം സംബന്ധിച്ച് ജില്ലതിരിച്ച് വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കാറില്ല. എന്നിരുന്നാലും, സർക്കാരിന്റെ പക്കലുള്ള രേഖകൾ പ്രകാരം ഈ സർക്കാർ അധികാരമേറ്റ ശേഷം, വിദേശത്ത് ജോലിക്കു പോയിട്ട് തിരിച്ചെത്താൻ കഴിയാതെ ബുദ്ധിമുട്ട് അനുഭവിക്കുന്ന വയനാട് സ്വദേശികളുടെ 16 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) ഇവരെ തിരികെയെത്തിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ? | (ബി) ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ സർക്കാർ പരിശോധിച്ച് വിദേശത്തുള്ള ഇന്ത്യൻ നയതന്ത്രകാര്യാലയവുമായും, ന്യൂഡെൽഹിയിലുള്ള ഇന്ത്യൻ വിദേശകാര്യ മന്ത്രാലയവുമായും ബന്ധപ്പെട്ട് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാറുണ്ട്. നിയമപരമായി തടസ്സങ്ങളൊന്നുമില്ലാത്ത കേസുകളിൽ വിദേശത്തു കുടുങ്ങിക്കിടക്കുന്ന പ്രവാസികളായ മലയാളികളെ സുരക്ഷിതമായി നാട്ടിൽ തിരിച്ചെത്തിക്കാൻ കഴിയാറുണ്ട്. |

സെക്ഷൻ ഓഫീസർ